# വരൾച്ചാ പ്രതിരോധം: സന്ദേശവാഹിനി ബസുകൾ ഫ്ളാഗ് ഓഫ് ചെയ്തു

കഠിനമായികൊണ്ടിരിക്കുന്ന വരൾച്ചയെ അതിജീവിക്കാൻ സാമൂഹ്യ ബോധവത്കരണം ലക്ഷ്യമാക്കി സംസ്ഥാനത്തുടനീളം നിരത്തിലിറങ്ങുന്ന സന്ദേശവാഹിനി ബസുകളുടെ ഫ്ളാഗ് ഓഫ് സെക്രട്ടേറിയറ്റ് ദർബാർ ഹാളിനുമുന്നിൽ റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരനും ഗതാഗത മന്ത്രി തോമസ് ചാണ്ടിയും ചേർന്ന് നിർവഹിച്ചു. കെ.എസ്.ആർ.ടി.സിയുടെ സഹകരണത്തോടെ റവന്യൂ വകുപ്പാണ് വരൾച്ചാ പ്രതിരോധ സന്ദേശവാഹിനി ബസുകൾ തയ്യാറാക്കിയത്. ജലത്തെ ബഹുമാനിക്കൂ, വരൾച്ചയെ പ്രതിരോധിക്കൂ എന്ന സന്ദേശം മുൻനിർത്തി ദീർഘകാല ആശയപ്രചാരണം ലക്ഷ്യംവച്ചാണ് ബസുകൾ ഗ്രാമ, നഗരങ്ങളിലേക്ക് വിടുന്നത്. റവന്യൂ വകുപ്പിനു കീഴിലുള്ള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും കെ.എസ്.ആർടി.സി. യും ചേർന്നാണ് ബസിന്റെ ഡിസൈൻ തയ്യാറാക്കിയത്. ആദ്യഘട്ടമായി 15 ദീർഘദൂര സർവീസുകളാണ് ജല സംരക്ഷണ സന്ദേശവുമായി സർവീസ് നടത്തുക. ജലത്തെ പ്രതിനിധീകരിക്കുന്ന നീലയും പച്ചയും കലർന്ന നിറമാണ് വാഹനത്തിനു നൽകിയിരിക്കുന്നത്. ജലസംരക്ഷണത്തിനും ജല ദുരുപയോഗം തടയാനും വരൾച്ചയെ പ്രതിരോധിക്കാനുമുള്ള സന്ദേശങ്ങൾ വാഹനങ്ങളിൽ പതിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയുടെ എടപ്പാൾ സെൻട്രൽ വർക്ക്ഷോപ്പിലാണ് ബസ് ബോഡി അണിയിച്ചൊരുക്കിയത്. ലഘുലേഖനങ്ങളും പോസ്റ്ററുകളും ഇതര പ്രചാരണ സാമഗ്രികളും ബസിൽനിന്ന് പൊതുജനങ്ങൾക്ക് ലഭിക്കും. ചടങ്ങിൽ ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് തുടങ്ങിയവർ പങ്കെടുത്തു. പി.എൻ.എക്സ്.1444/17